No. of Printed Pages : 2

2004553 **3063**

*Register Number*

| | | | | | |
|---|---|---|---|---|---|
| | | | | | |

# Language – Part I – MALAYALAM – Paper II

## (Prose, Non-detailed, Composition, Translation and Language Skill)

Time : 3 Hours ] [ Maximum Marks : 80

**കുറിപ്പ് :** (1) അച്ചടിച്ചതിന്റെ ശുദ്ധത ഉറപ്പുവരുത്തുന്നതിനുവേണ്ടി ചോദ്യപേപ്പർ പരിശോധിക്കുക. ഏതെങ്കിലും തരത്തിലുള്ള കുഴപ്പമുണ്ടെങ്കിൽ ഉടനെത്തന്നെ ഹാൾ സൂപ്പർവൈസറെ അറിയിക്കുക.

(2) എഴുതുന്നതിന് കറുപ്പോ നീലയോ മഷി ഉപയോഗിക്കുക.

**I. ആറെണ്ണത്തിന് ഉത്തരമെഴുതുക. ഓരോ ഉത്തരവും പത്ത് വരിയിൽ കവിയരുത്.** **6x4=24**

1. 'അക്ഷയ പാത്രമാവില്ലേ തഞ്ചാവൂർ' എന്നു പറയാൻ കാരണമെന്ത് ?
2. ഇന്നു നാം കുടാരങ്ങളിൽ പാർത്ത് അത്യദ്ധ്വാനം ചെയ്ത് യഥാർത്ഥ സമ്പത്തുണ്ടാക്കേണ്ട കാലമാണെന്ന് ലേഖകൻ പറയുന്നതെന്തുകൊണ്ട് ?
3. പുസ്തകപാരായണം ഏറ്റവും കുറച്ചു മാത്രം നടക്കുന്ന കാലമാണ് ഇതെന്ന് ലേഖകൻ പറയാൻ കാരണമെന്ത് ?.
4. സൗന്ദര്യാസ്വാദനത്തിൽ പോലും യാന്ത്രികത്വം കാണുന്നവർ കാളിദാസന്റെ കവിതയിൽ കാണുന്ന വൈകല്യങ്ങളേവ ?
5. ചലനാത്മകമായ വായുവിന്റെ - കാറ്റിന്റെ സ്വഭാവ വൈചിത്ര്യങ്ങൾ വ്യക്തമാക്കുക.
6. ഇടതുപക്ഷ കോൺഗ്രസ് നേതാക്കന്മാരോട് ലേഖകന് അനുഭാവം തോന്നാൻ എന്താണ് കാരണം ?
7. സിനിമയ്ക്കേറ്റവും അടുപ്പം സംഗീതത്തോട് ആണെന്ന് പറയുന്നതിന്റെ അടിസ്ഥാനമെന്ത്?
8. എന്തിനാണ് തേവൻ വേണുവിന്റെ വടി വാങ്ങി ഒടിക്കുന്നത് ?
9. 'മലയാളി മെമ്മോറിയ'ലിന്റെ ചൈതന്യമാണ് സി. വി. യുടെ മാർത്താണ്ഡവർമ്മയിൽ പ്രതിഫലിക്കുന്ന സാമൂഹ്യബോധം - വിശദീകരിക്കുക.
10. സാഹിത്യാദി കലകളുടെ നിർമ്മാണത്തിലേർപ്പെടാതെ സ്ത്രീവർഗ്ഗം യുഗയുഗാന്തരങ്ങൾ കടന്നതിന്റെ കാരണമെന്താണ് ?

**II. രണ്ടെണ്ണത്തിന് ഉത്തരമെഴുതുക. ഓരോ ഉത്തരവും ഇരുപത് വരിയിൽ കവിയരുത്.** **2x6=12**

11. തഞ്ചാവൂരിലെ പെരിയകോവിലിന്റെ സവിശേഷതകൾ വിവരിക്കുക.
12. ചന്തുമേനോനെയും സി.വി.രാമൻപിള്ളയേയും തായാട്ട് ശങ്കരൻ വിലയിരുത്തുന്നതെങ്ങനെ ?

[ Turn over

13. വായു മണ്ഡലത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള ലേഖകന്റെ അഭിപ്രായങ്ങൾ സംഗ്രഹിക്കുക.

14. ഉപ്പുസത്യാഗ്രഹത്തിൽ കേരളം വഹിച്ച പങ്ക് വ്യക്തമാക്കുക.

**III. രണ്ട് ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോ ഉത്തരവും രണ്ടു പുറത്തിൽ കവിയരുത്.** **2x10=20**

15. 'നരിച്ചീറുകൾ പറക്കുമ്പോൾ' എന്ന കഥ സംഗ്രഹിക്കുക.

**അല്ലെങ്കിൽ**

'അറ്റുപോകാത്ത ഒരു കണ്ണി' എന്ന കഥയ്ക്ക് ഒരാസ്വാദനം എഴുതുക.

16. 'ഉത്കണ്ഠയുടെ നിമിഷങ്ങൾ' എന്ന കഥ ചുരുക്കി എഴുതുക.

**അല്ലെങ്കിൽ**

'അദ്വൈതഭാരം' എന്ന കഥയിലെ പ്രമേയം എന്ത് ?

**IV.** 17. **ഏതെങ്കിലും ഒന്നിനെക്കുറിച്ച് രണ്ടു പുറത്തിൽ ഉപന്യസിക്കുക.** **1x10=10**

(i) തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് നിങ്ങളുടെ നിർദ്ദേശങ്ങൾ.

(ii) ഇംഗ്ലീഷ് ഭാഷാപഠനം കൊണ്ടുള്ള പ്രയോജനങ്ങൾ.

(iii) നിങ്ങൾക്ക് ഇഷ്ടപ്പെട്ട ഒരു മലയാള സിനിമ.

**V. മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക.** **6x1=6**

18. The village was destroyed in flash floods due to continuous rain.

19. What happens to a tree after it is pulled out from the earth ?

20. I am too late to come.

21. Poetry is the expression of poet's personality.

22. Try to solve your problems.

23. A little knowledge is a dangerous thing.

**VI. രണ്ടെണ്ണത്തിന് ഉത്തരമെഴുതുക. ഓരോ ഉത്തരവും അരപ്പുറത്തിൽ കവിയരുത്.** **2x4=8**

24. നിങ്ങൾക്കിഷ്ടപ്പെട്ട ഒരു ചെറുകഥാകൃത്തിനെ കുറിച്ച് കുറിപ്പെഴുതുക.

25. ദേശീയ ക്രിക്കറ്റ് ടീമിലേക്ക് തിരഞ്ഞെടുത്ത നിങ്ങളുടെ സുഹൃത്തിനെ അനുമോദിച്ചു കൊണ്ട് ഒരു കത്തെഴുതുക.

26. നിങ്ങൾ വായിച്ച വിചിത്രമായ ഒരു പത്രവാർത്തയെക്കുറിച്ച് എഴുതുക.

27. പുതുതായി ആരംഭിക്കാനിരിക്കുന്നതും പേര് ഇട്ടിട്ടില്ലാത്തതുമായ ഒരു മലയാള വർത്തമാന പത്രത്തിന് പേരിടാൻ വേണ്ടി പുതുമയുള്ള 4 പേരുകൾ നിർദ്ദേശിക്കുക.

- o 0 o -